പൂട്ടിക്കിടക്കുന്ന പ്രിമോ പൈപ്പ് ഫാക്ടറി

21 [332] *ശ്രീ. എ. സി. ഷണ്മുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ പഞ്ചായത്തിലുള്ള പുത്തൂരിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ളതും പൂട്ടിക്കിടക്കുന്നതുമായ പ്രിമോ പൈപ്പ് ഫാക്ടറിയുടെ സ്ഥലം വൈദ്യുതി പോസ്റ്റ് ഉണ്ടാക്കുന്നതിന് ഉപകരിക്കുമോ എന്ന് വൈദ്യുതി ബോർഡ് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

സംസ്ഥാനത്ത് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന വൈദ്യുതി ഉൽപ്പാദന പദ്ധതികൾ

22 [333] *ശ്രീ. എ. സി. ഷണ്മുഖദാസ്:*

,, കെ. പി. മോഹനൻ:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 ആകുമ്പോഴേക്കും രാജ്യത്തിനാവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ പത്ത്, പതിനൊന്ന് എന്നീ പഞ്ചവൽസര പദ്ധതിക്കാലത്ത് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടത്തുന്ന ഏതെല്ലാം പദ്ധതികൾ ആണ് സംസ്ഥാനത്ത് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) എത്ര ഉൽപ്പാദനശേഷിയാണ് ഇവയ്ക്കുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഒൻപത് - പത്ത് പദ്ധതിക്കാലത്ത് സംസ്ഥാനത്ത് വൈദ്യുതി പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ച സാമ്പത്തിക സഹായം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(ഡി) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര മെഗാ വാട്ട് വൈദ്യുതി കൂടുതലായി ഉല്പാദിപ്പിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly